## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 396**     **27.9.2011-ൽ മറുപടിക്ക്**

## മാലിന്യ സംസ്കരണ സംവിധാനങ്ങൾ

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

എ) മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഫ്ളാറ്റുകളിലും ചെറിയ പ്രദേശങ്ങളിൽ വീടുവച്ച് താമസിക്കുന്നവർക്കും മാലിന്യ നിർമ്മാർജ്ജനം വലിയ ഒരു പ്രശ്നമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശി ക്കുന്നത്;

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഭൂപ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം ശേഖരിച്ച് പരിസ്ഥിതിക്കും മനുഷ്യർക്കും ദോഷകരമല്ലാത്ത തരത്തിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യാനുള്ള ഉത്തരവാദിത്വം 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും, 1994ലെ കേരളാ നഗരപാലിക ആക്ട് പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. കൂടാതെ 2000-ലെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്തിട്ടുള്ള നഗര ഖരമാലിന്യ (കൈകാര്യം പരിപാലന) ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധി യിൽ വരുന്ന ഭൂപ്രദേശത്ത് ഉണ്ടാകുന്ന ഖരമാലിന്യ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നീ ചുമതലകൾ നിർവഹിക്കേണ്ടത് അതാത് സ്ഥാപനത്തിന്റെ നിയമപരമായ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റുന്നതിന് ആവശ്യമായ സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ മുഖാന്തിരം നൽകി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളിൽ ഖരമാലിന്യ സംസ്കരണ ത്തിനായി ഒരു പൊതു സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതി

നോടൊപ്പം അവിടേയ്ക്ക് വരുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനായി വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ കൈകൊണ്ടിട്ടുള്ളത്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായും മാലിന്യം ഉറവിടങ്ങളിൽ തന്നെ നിർമ്മാർജ്ജനം ചെയ്യുക എന്നതിന്റെ അടിസ്ഥാനത്തിലും ഫ്ളാറ്റുകൾ, ഓഫീസ്സമുച്ചയങ്ങൾ, മാർക്കറ്റുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേകം മാലിന്യ സംസ്കരണശാലകൾ ഉണ്ടാക്കുന്നതിനാണ് പ്രോത്സാഹനവും പ്രേരണയും നൽകി വരുന്നത്. ഈ കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

ബി) വീടുകളിൽ ചെറിയ മുതൽമുടക്കിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുമോ ?

ബി) വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് അവയുടെ യൂണിറ്റ് നിരക്കിന്റെ 50% തുക കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തിയും, ബയോഗ്യാസ് പ്ലാന്റുകൾക്ക് പരമാവധി 3250 രൂപ വരെ സബ്സിഡിയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്നു. 1.3.2011ലെ 73/2011/തസ്വഭവ നമ്പറിലെ സർക്കാർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ സബ്സിഡി നൽകുന്നതിനുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ